بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 29.05.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 29.05.15 ന് ജർമ്മനിയിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ലോകത്തുനിന്ന് പോകുന്നുവെന്നുള്ള വേദനാനിർഭരമായ വാർത്തയോടൊപ്പം ഇങ്ങനെയൊരു സന്തോഷ വാർത്തയും നല്കിയത്. അതായത് അവിടന്ന് പറഞ്ഞു, എതിരാളികളുടെ വ്യാജമായ സന്തോഷത്തെ ഇല്ലായ്മ ചെയ്തുകാണിക്കുന്നതിനുവേണ്ടി രണ്ടു ശക്തിപ്രഭാവങ്ങൾ കാണിക്കുക എന്നത് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള നടപടി ക്രമമാണ്. അതുകൊണ്ട് പണ്ടേയുള്ള തന്റെ നടപടിക്രമത്തെ ഇപ്പോൾ ഉപേക്ഷിക്കുക എന്നത് അസംഭാവ്യമാണ്. പറഞ്ഞു: നിങ്ങൾക്ക് രണ്ടാമത്തെ ശക്തിപ്രഭാവവും കാണേണ്ടതു നിർബന്ധമാണ്. അതിന്റെ വരവ് നിങ്ങൾക്ക് ഉത്തമമാണ്. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുകയില്ല.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹു ഇച്ഛിക്കുവോളം നിങ്ങളിൽ നുബുവ്വത്ത് നിലനില്ക്കുന്നതാണ്. പിന്നീട് **ഖിലാഫത്തുൻ അലാ മിൻഹാജിന്നുവുവ്വത്തി** നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് ഉണ്ടായിവരുന്നതാണ്. അതിന് വ്യക്തിപരമായനേട്ടങ്ങളൊന്നും ലക്ഷ്യമായിട്ടുണ്ടാകുകയില്ല. അത് നബിയുടെ ജോലികൾ മുന്നോട്ടു കൊണ്ടുപോകുന്നതായിരിക്കും. പക്ഷേ, കുറച്ചു കാലത്തിനുശേഷം ഈ ഖിലാഫത്ത്-അത് റാശിദ ഖിലാഫത്താണ് -അവസാനിച്ചുപോകുന്നതാണ്. ഈ അനുഗ്രഹം നിങ്ങളിൽനിന്ന് പിടിച്ചെടുക്കുന്നതാണ്. പിന്നീട് ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന രാജാധിപത്യം നിലവിൽ വരുന്നതാണ്. പിന്നീട് അതിനെക്കാൾ ഭയാനകവും ബലാൽക്കാരപൂർവവുമായ രാജാധിപത്യം നിലവിൽ വരുന്നതാണ്. പിന്നീട് അല്ലാഹുവിന്റെ കരുണാവേശം അലയടിച്ചുയരുകയും **ഖിലാഫത്തുൻ അലാ മിൻഹാജുന്നുബുവ്വത്ത്** നിലവിൽ വരുകയും ചെയ്യുന്നതാണ്. ഇസ്ലാമിക ചരിത്രത്തിൽ വിവിധ ഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള മുസ്ലിം ഭരണകൂടങ്ങൾ തങ്ങളെ ഖലീഫമാർ എന്നും ഖലീഫയുടെ സ്ഥാനത്തുള്ളവരെന്നുമാണ് പറഞ്ഞുവന്നിരുന്നത്. പക്ഷേ, എന്നിട്ടും മുസ്ലീംകളിലെ ബഹുഭൂരിപക്ഷവും നബി(സ)തിരുമേനിക്കുശേഷം ആദ്യം വന്ന അവിടത്തെ നാലു ഖലീഫമാർക്കാണ് **ഖുലഫാഉർറാശിദീൻ** എന്ന സ്ഥാനം നല്കിയിട്ടുള്ളത്. അവരുടെ ഖിലാഫത്ത് കാലഘട്ടം 'റാശിദായുടെ കാലഘട്ടം' എന്നു പറയുന്നു. കുടുംബപരമായ രാജാധിപത്യം അവശേഷിച്ചില്ല. മറിച്ച് മുഅ്മനീംകളുടെ ജമാഅത്ത് മുഖേന അല്ലാഹു ഖിലാഫത്തിന്റെ വസ്ത്രം അവരെ അണിയിച്ചു. പക്ഷേ, അവർക്കുപുറമെ വന്നിട്ടുള്ള മറ്റു ഖലീഫമാർ കുടുംബപരമായ രാജാധിപത്യത്തെ നിലനിറുത്തിപ്പോന്നു. അങ്ങനെ അക്ഷരം പ്രതി നബി(സ)തിരുമേനിയുടെ ഈ പ്രവചനം പുലർന്നു. ആദ്യത്തെ രണ്ടുകാര്യങ്ങളിൽ ഈ പ്രവചനം അക്ഷരംപ്രതി പുലർന്ന സ്ഥിതിക്ക് അവിടന്ന് പറഞ്ഞ അവസാന കാര്യവും പൂർത്തിയാകേണ്ടതായിട്ടുണ്ടായിരുന്നു. ഈ ഭൗതികതാൽപര്യങ്ങളുടേയും മുസ്ലീംകളുടെ വികലമായ അവസ്ഥകളുടേയും അവസ്ഥ കണ്ടിട്ട് ഖിയാമത്തുന്നാൾവരെ നിലനില്ക്കേണ്ടതായ ശരീഅത്തുമായി നബി(സ)തിരുമേനിയെ അയച്ച അല്ലാഹുവിന്റെ കാരുണ്യം അലയടിച്ചുയരുകയും **ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തി**നെ ലോകത്ത് വീണ്ടും സ്ഥാപിക്കുകയും ചെയ്യേണ്ടതുതന്നെയായിരുന്നു. അല്ലാഹു നബി(സ)തിരുമേനിയോടു ചെയ്ത വാഗ്ദാനമനുസരിച്ച് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും മുഖേന ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തിനെ സ്ഥാപിച്ചുവെന്ന് അഹ്മദികളായ നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. ആ മഹാത്മാവിന് **ഉമ്മത്തീനബി** എന്ന സ്ഥാനം നല്കിയതോടൊപ്പം **ഖാത്തമുൽ ഖുലഫാ** എന്ന പദവിയും നല്കി അനുഗ്രഹിച്ചു. അതായത് ഇനി നബി(സ)തിരുമേനിയുടെ ഖിലാഫത്ത് പരമ്പര ആ മഹാത്മാവിന്റെ സത്യവാനായ ദാസനും ഖുലഫാക്കളിൽ ശ്രേഷ്ഠനും മുഖേന നിലനില്ക്കുന്നതാണ്. നബി(സ)തിരുമേനി **ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത്** സ്ഥാപിതമാകും എന്ന് സുവാർത്ത നല്കിയവരിൽ ഭാഗഭാക്കായ നമ്മൾ ഭാഗ്യവാന്മാരാണ്. നബി(സ)തിരുമേനി സൂറ ജുമുഅയിലെ ആയത്ത് **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം** എന്നതിന്റെ വിശദീകരണത്തിൽ പിന്നീടു വരുന്നവരെ ആദ്യം വന്നവരുമായി കൂട്ടിച്ചേർക്കുകയുണ്ടായി. അവരിലാണ് നമ്മൾ ഉൾപ്പെട്ടിരിക്കുന്നത്. വിശ്വാസം കാർത്തിക നക്ഷത്രത്തിൽനിന്ന് ഭൂമിയിൽ താഴ്ത്തിക്കൊണ്ടുവരുമെന്ന് ഏതൊരു മഹാത്മാവിനെക്കുറിച്ചാണോ നബി(സ)തിരുമേനി പറഞ്ഞത് ആ മഹാത്മാവിനെ വിശ്വസിക്കുന്നവരിൽ നമ്മളെ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഏതൊരു മസീഹിനും മഹ്ദിക്കും തന്റെ സലാം എത്തിക്കണമെന്ന് നബി(സ)പറഞ്ഞുവോ ആ നിർബന്ധ കർത്തവ്യം നിർവഹിച്ചവരിൽ ഉൾപ്പെടാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കിയിരിക്കുകയാണ്. പിന്നീട് അഹ്മദിയ്യാ ജമാഅത്തിൽ ബയ്അത്തു ചെയ്തവരുടെമേലും അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ആ മഹാത്മാവിനുശേഷം തുടങ്ങിയ ഖിലാഫത്തിന്റെ ബയ്അത്തിലും നമ്മെ ഉൾപ്പെടുത്തി.

അതുകൊണ്ട് അല്ലാഹുവിന്റെ ഈ എല്ലാ അനുഗ്രഹങ്ങളും ഓരോ അഹ്മദിയിൽനിന്നും ആവശ്യപ്പെടുന്നത് അവനോടു നന്ദിയുള്ളവരായിക്കൊണ്ട് തങ്ങളുടെ അവസ്ഥകളിൽ അല്ലാഹു നിയോഗിച്ച ഈ മഹാത്മാവിനെ വിശ്വസിച്ചവരുടെ നിർബന്ധ കടമയായ മാറ്റം ഉണ്ടാക്കുക എന്നാണ്. വാഗ്ദത്ത മസീഹും മഹ്ദിയും ഈമാൻ കാർത്തിക നക്ഷത്രത്തിൽനിന്ന് മടക്കിക്കൊണ്ടുവരണമായിരുന്നു. തന്നെ വിശ്വസിക്കുന്നവരുടെ മനസ്സുകളിൽ അതു നിറയ്ക്കണമായിരുന്നു. ആ മഹാത്മാവ് ഈ ജോലി ചെയ്തു കാണിച്ചു എന്നതിന് ഓരോ അഹ്മദിയും സാക്ഷിയാ

ണ്. പക്ഷേ, ഈ ഈമാൻ സ്ഥാപിക്കുക എന്നത് ആ മഹാത്മാവിന്റെ ജീവിതംവരെ മാത്രം പരിമിതമല്ല. അല്ലെങ്കിൽ ചില ദശകങ്ങൾവരെ മാത്രം പരിമിതമല്ല. പ്രത്യുത നബി(സ)തിരുമേനി **ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്തി**ന്റെ സന്തോഷ വാർത്ത അറിയിച്ചുകൊണ്ട് നിശബ്ദത പാലിച്ചു. അതിന്റെ ഉദ്ദേശ്യം ഈ 'ഈമാൻ' ഖിയാമത്തുന്നാൾവരെ ഭൂമിയിൽ അതിന്റെ പ്രൗഢിയോടും ഗാംഭീര്യത്തോടുംകൂടി നിലനില്ക്കേണ്ടതുണ്ട് എന്നാണ്. തങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ എണ്ണുന്ന ഓരോരുത്തരുടേയും നിർബന്ധ കടമയാണ് ഈ ഈമാനെ തങ്ങളുടെ ഹൃദയങ്ങളിൽ കുടിയിരുത്തി അതിൽ എന്നെന്നേക്കുമായി നിലകൊള്ളുകയെന്നത്. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ആ മഹാത്മാവിന്റെ മാർഗത്തിൽ ചലിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതിയോടു ചേർന്നുകൊണ്ട്, ആ ഈമാനിന്റെ പ്രതീകമായിക്കൊണ്ട് അതിനെ ലോകത്തിന്റെ ഓരോ കോണുകളിലും പരത്തുകയും തൗഹീദ് ലോകത്ത് സ്ഥാപിക്കുകയും ചെയ്യുക എന്നത് ഇതിൽ വിശ്വസിക്കുന്നവരുടെ നിർബന്ധ കടമയാണ്. ഇക്കാരണത്താലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ലോകത്തുനിന്ന് പോകുന്നുവെന്നുള്ള വേദനാനിർഭരമായ വാർത്തയോടൊപ്പം ഇങ്ങനെയൊരു സന്തോഷ വാർത്തയും നല്കിയത്. അതായത് അവിടന്ന് പറഞ്ഞു, എതിരാളികളുടെ വ്യാജമായ സന്തോഷത്തെ ഇല്ലായ്മ ചെയ്തുകാണിക്കുന്നതിനുവേണ്ടി രണ്ടു ശക്തിപ്രഭാവങ്ങൾ കാണിക്കുക എന്നത് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള നടപടി ക്രമമാണ്. അതുകൊണ്ട് പണ്ടേയുള്ള തന്റെ നടപടിക്രമത്തെ ഇപ്പോൾ ഉപേക്ഷിക്കുക എന്നത് അസംഭാവ്യമാണ്. പറഞ്ഞു: നിങ്ങൾക്ക് രണ്ടാമത്തെ ശക്തിപ്രഭാവവും കാണേണ്ടതു നിർബന്ധമാണ്. അതിന്റെ വരവ് നിങ്ങൾക്ക് ഉത്തമമാണ്. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുകയില്ല.

അതുകൊണ്ട് ഈമാനിനെ ഭൂമിയിൽ സ്ഥാപിക്കുന്നതിനുവേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ഈ രണ്ടാമത്തെ ശക്തിപ്രഭാവം തുടങ്ങിയിരിക്കുന്നു. ഈ രണ്ടാമത്തെ ശക്തിപ്രഭാവം ഖിലാഫത്ത് വ്യവസ്ഥിതിയാണെന്ന് നമുക്കെല്ലാവർക്കു നല്ലവണ്ണമറിയാം. അതുകൊണ്ട് ഖിലാഫത്ത് വ്യവസ്ഥിതിക്ക് മതപരമായ അഭിവൃദ്ധിയുമായി ഒരു പ്രധാന ബന്ധമുണ്ട്. ഇസ്‌ലാമിക ശരീഅത്തിന്റെ ഒരു സുപ്രധാന ഭാഗമാണത്. മതപരമായ പുരോഗതി ഖിലാഫത്ത് കൂടാതെ ഒരിക്കലും ഉണ്ടാകുകയില്ല. ജമാഅത്തിന്റെ ഐക്യം ഖിലാഫത്ത് കൂടാതെ നിലനില്ക്കുകയുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖിലാഫത്തുമായി ബന്ധപ്പെട്ടു നില്ക്കുന്ന നമ്മളിൽ ഓരോരുത്തരും ഖിലാഫത്തിന്റെ ജമാഅത്തിലുള്ള നിലനില്പ് ഈമാന്റെ ഭാഗമാണെന്ന് നല്ലവണ്ണം അറിയുന്നവരാണ്. അല്ലാഹുവിന് നന്ദി. ആ ആളുകളുടെ ത്യാഗങ്ങൾ കാരണത്താൽ, ആ ആളുകളുടെ ഈമാനിലുള്ള ദൃഢത കാരണത്താൽ ഇന്ന് ആ മഹാത്മാക്കളുടെ മക്കളിൽപ്പെട്ട ഒരുപാടാളുകൾ ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹത്തിൽനിന്ന് അനുഗ്രഹം പറ്റിക്കൊണ്ടിരിക്കുന്നു. ഈ പരമ്പരയിൽ ഏറ്റവുമധികം ശ്രമവും ത്യാഗവും ഖലീഫത്തുൽമസീഹ് ഥാനിയുടേതാണ്. ആക്ഷേപം ഉന്നയിക്കുന്നവർ ഖലീഫത്തുൽ മസീഹ് ഥാനിക്കെതിരെ വലിയ വലിയ ആക്ഷേപങ്ങൾ ഉന്നയിച്ചു. പക്ഷേ, ഖിലാഫത്ത് വ്യവസ്ഥിതിയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ മാനസികാവസ്ഥയുടെ ഒരു മിന്നലാട്ടം അവിടത്തെ വാക്കുകളിൽത്തന്നെ ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. കാരണം ഇതും ചരിത്രത്തിന്റെ ഭാഗമാണ്. കുഴപ്പങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് നമ്മൾ ചരിത്രത്തിലും ദൃഷ്ടിപ്പതിപ്പിക്കേണ്ടതാണ്. ഇപ്രകാരം ഈമാനിന്റെ ദൃഢതയ്ക്കുള്ള മാർഗവുമായിത്തീരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ (റ)പറയുന്നു:

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വഫാത്തായപ്പോൾ ഞാൻ മൗലവി മുഹമ്മദ് അലി സാഹിബിനെ വിളിച്ചിട്ട് പറഞ്ഞു, ഖിലാഫത്ത് വേണോ വേണ്ടേ എന്നതിനെ സംബന്ധിച്ച് ഒരു തർക്കവും ഉണ്ടാക്കരുത്. താങ്കളുടെ ചിന്താഗതികൾ ജമാഅത്തിന്റെ ഗുണങ്ങൾ സുരക്ഷിതമായിരിക്കുന്നതും ഇസ്‌ലാമിക പുരോഗതിക്കുവേണ്ടി ശ്രമിക്കുന്നതുമായ ഖലീഫ തിരഞ്ഞെടുക്കപ്പെടണം എന്ന പരിധിക്കുള്ളിൽമാത്രം ആയിരിക്കേണ്ടതാണ്. ഞാൻ മൗലവി സാഹിബിനോടു പറഞ്ഞു, വ്യക്തിപരമായ പ്രശ്നങ്ങൾ വന്നാൽ എന്റെ വികാരങ്ങളെ താങ്കൾക്കുവേണ്ടി ത്യാഗം ചെയ്യാൻ എനിക്കുസാധിക്കുന്നതാണ്. എന്നാൽ, ആദർശപരമായ കാര്യങ്ങൾ വന്നാൽ നിസ്സഹായനായിരിക്കും. കാരണം ആദർശത്തെ ഉപേക്ഷിക്കുക ഒരു വിധത്തിലും അനുവദനീയമല്ല. ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസമിതാണ്. ഞങ്ങൾ ഖിലാഫത്തിനെ മതപരമായ ഒരു പ്രശ്നമായി കാണുന്നു. ഖിലാഫത്തിന്റെ അസ്തിത്വത്തെ അത്യാവശ്യമായിട്ട് അംഗീകരിക്കുന്നു. എന്നാൽ, താങ്കൾ ഖിലാഫത്തിന്റെ അസ്തിത്വം അനാവശ്യമായി മനസ്സിലാക്കുന്നു. കാരണം ആറുവർഷംവരെ ബയ്അത്ത് ചെയ്തുനിന്ന ഒരു ഖലീഫയുടെ ബയ്അത്തിൽനിന്ന് ഇപ്പോൾ താങ്കൾക്ക് സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു. ആറുവർഷംവരെ അനുവദനീയമായിരുന്നത് തുടർന്നും നിഷിദ്ധമാകുകയില്ല. അതുകൊണ്ട് നീതി എന്നു പറയുന്നത് താങ്കൾ ഇന്നുവരെ സ്വീകരിച്ചുവന്നിരുന്ന മാർഗം സ്വീകരിക്കുക എന്നതാണ്. ഞങ്ങളുടെ മതത്തിനും ആദർശത്തിനുമെതിരെ ഞങ്ങളെ നിർബന്ധിക്കാതിരിക്കുക. ജമാഅത്തിന്റെ പുരോഗതിക്കും ഇസ്‌ലാമിന്റെ നിലനില്പിനും ആരായിരിക്കും ഫലപ്രദമാകുക എന്ന പ്രശ്നമാണെങ്കിൽ ആരോടാണോ താങ്കൾ യോജിക്കുന്നത്, ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) ഹദ്റത്ത് മൗലവി മുഹമ്മദ് അലി സാഹിബിനോടു പറഞ്ഞു, ആരോടാണോ താങ്കൾ യോജിക്കുന്നത് അദ്ദേഹത്തെ ഞങ്ങൾ ഖലീഫയായി അംഗീകരിക്കുന്നതാണ്. ഖലീഫത്തുൽ മസീഹ് ഥാനീ (റ)പറയുന്നു: മൗലവി സാഹിബിനോട് ഞാൻ പറഞ്ഞു, താങ്കളുടെ ആശങ്കകൾ ഞാൻ അകറ്റിയിരിക്കുന്നു. അതുകൊണ്ട് താങ്കളുടെ മുമ്പിൽ ഇനി ഉണ്ടായിരിക്കേണ്ടത് ഖലീഫ ഉണ്ടാവണം എന്നതായിരിക്കണം. അല്ലാതെ ഖലീഫ ഉണ്ടാകാൻ പാടില്ല എന്നതായിരിക്കരുത്. ഇതുകേട്ടപ്പോൾ മൗലവി സാഹിബ് പറഞ്ഞു, ഖലീഫ ആരായിരിക്കുമെന്ന് താങ്കൾക്കറിയാം, അതുകൊണ്ടാണ് താങ്കൾ സമ്മർദ്ദം ചെലുത്തുന്നതെന്നും എനിക്കറിയാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തോടുപറഞ്ഞു, ആരായിരിക്കുമെന്ന് എനിക്കറിയില്ല. താങ്കൾ(മുഹമ്മദ് അലി സാഹിബ്) തിരഞ്ഞെടുക്കുന്ന ആൾക്ക് ഞാൻ ബയ്അത്ത് ചെയ്യുന്നതാണ്. താങ്കൾ തിരഞ്ഞെടുത്ത ആൾക്ക് ഞാൻ ബയ്അത്ത് ചെയ്യുമ്പോൾ പിന്നെന്തിന് ഖിലാഫത്തിനെ പിന്തുണയ്ക്കുന്നവർ ഞാൻ പറയുന്ന കാര്യങ്ങൾ അംഗീകരിക്കണം. എതിർപ്പ് ഉണ്ടാകുമെന്ന ആശങ്ക ഉണ്ടാകുകയുമില്ല. പക്ഷേ, മൗലവി സാഹിബ് അംഗീകരിക്കുകയില്ലായിരുന്നു. അംഗീകരിച്ചതുമില്ല. കുറച്ചു സമയത്തിനുശേഷം ഈ

വാതിൽ തുറക്കപ്പെട്ട് പുറത്തുവന്നപ്പോൾ മൗലവി മുഹമ്മദ് അഹ്സൻ അംറോഹി സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ പേര് അവതരിപ്പിക്കുകയും ബയ്അത്ത് വാങ്ങാൻ അദ്ദേഹത്തോട് ജമാഅത്ത് നിർബന്ധിക്കുകയും ചെയ്തു. അങ്ങനെ ഈ രണ്ടാമത്തെ ഖുദ്റത്ത് നിലവിൽ വരുന്നതിന് തടസ്സംനിന്ന കുഴപ്പക്കാരുടെ ശ്രമത്തെ അല്ലാഹു തന്റെ റസൂൽ(സ)ന്റെ വാക്കിനെ പൂർത്തീകരിച്ചുകൊണ്ട് പരാജയപ്പെടുത്തി. **ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വത്ത്** ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം രണ്ടാം തവണയും സ്ഥാപിച്ചു. ഖിലാഫത്തിൽനിന്ന് അകന്നു നിന്നിരുന്നവർ വലിയ അറിവുള്ളവരും ഭൗതികമായ ജ്ഞാനമുള്ളവരും വിദ്യാസമ്പന്നരും പ്രവർത്തനപരിചയമുള്ളവരും ശക്തിയുള്ളവരും കഴിവുള്ളവരുമായിരുന്നു. അഞ്ചുമന്റെ എല്ലാ ഖജനാവുകളും അവർ കൈക്കലാക്കിയിരുന്നു. പക്ഷേ അവർ പരാജിതരും നിരാശരുമായിക്കൊണ്ടേപോയി. മൗലവി സാഹിബ് രണ്ടാം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനു ശേഷം ഖാദിയാനിൽനിന്ന് പോയെന്നു മാത്രമല്ല, ബയ്അത്ത് ചെയ്യാതിരുന്ന അക്കൂട്ടർ ഖിലാഫത്ത് വ്യവസ്ഥിതിയെ ഇല്ലായ്മ ചെയ്യാൻവേണ്ടി പിന്നീടും ഒരുപാട് കുഴപ്പങ്ങൾ നടത്തുകയുണ്ടായി. പക്ഷേ, എപ്പോഴും പരാജയത്തിന്റെ മുഖം കാണേണ്ടതായി വന്നു. ഇക്കാര്യം കഴിഞ്ഞിട്ട് ഇപ്പോൾ 101 വർഷമായി. എന്നാൽ, അങ്ങേയറ്റം വിപരീത പരിതഃസ്ഥിതിയായിരുന്നിട്ടും ഖാദിയാൻ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

ഇതാണ് അഹ്മദിയ്യാ ജമാഅത്തിനുള്ള അല്ലാഹുവിന്റെ സഹായം. അതിന്റെ ദൃശ്യങ്ങൾ നമ്മൾ നിത്യവും കണ്ടുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്ന ആളുകൾക്ക് അല്ലാഹു എത്തിച്ചുകൊടുക്കുന്ന ആ അനുഗ്രഹത്തിൽനിന്ന് ജർമനിയും ശൂന്യമല്ല. കുറച്ചു ദിവസം മുമ്പേ ജർമനീ ജമാഅത്തിന്റെ രണ്ട് ഉപസംഘടനകളായ അൻസാറുല്ലായും ലജ്ന ഇമായില്ലായും ചേർന്നുകൊണ്ട് അഞ്ചുനില കെട്ടിടം വാങ്ങി. 17 ലക്ഷം യൂറോയ്ക്കാണ് അതു വാങ്ങിയത്. എതിരാളികൾ ഒരു രൂപയ്ക്കുതാഴെ മാത്രംവരുന്ന തുക ഉപേക്ഷിച്ചുപോയ ആ ഖജനാവ്-ഇനിയെങ്ങനെ ജമാഅത്ത് മുന്നോട്ടുപോകുമെന്ന് നോക്കാമല്ലോ എന്ന് പറഞ്ഞ് അവർ പരിഹസിച്ചിരുന്നു-ഈ ഖിലാഫത്തുമായി ബന്ധപ്പെട്ട ഒരു രാജ്യത്തെ രണ്ടു ഉപസംഘടനകൾ വിശാലമായ അഞ്ചുനില കെട്ടിടം ഏകദേശം 19 കോടിയിലധികം രൂപ ചെലവഴിച്ച് വാങ്ങിയിരിക്കുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹവും അഹ്മദിയ്യാ ജമാഅത്തിനെ സഹായിക്കലുമല്ലെങ്കിൽ പിന്നെന്താണ്? ഖിലാഫത്തിൽനിന്ന് വിട്ടുപോയവരുടെ കേന്ദ്ര വ്യവസ്ഥിതിയും തകർന്ന് തരിപ്പണമായി. അല്ലാഹു ജനങ്ങൾക്ക് ജമാഅത്തിന്റെ സത്യതയും ഖിലാഫത്തിന് നല്കുന്ന സഹായവും തുണയും എങ്ങനെ എന്നതിനെ സംബന്ധിച്ച് പറയുന്ന സംഭവങ്ങളും അത്ഭുതാവഹങ്ങളാണ്. വെറും അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതമാത്രമല്ല, ഖിലാഫത്തിനോടുള്ള സഹായവും തുണയും അല്ലാഹു കാണിച്ചുകൊണ്ടിരിക്കുന്നു. അത് മറ്റുള്ളവർക്കും കാണിച്ചു കൊടുക്കുന്നു. അങ്ങനെ സത്പ്രകൃതക്കാരുടെ നെഞ്ചകങ്ങൾ തുറക്കുന്നു. ഒന്നു രണ്ടു സംഭവങ്ങൾ ഞാൻ പറഞ്ഞുതരാം.

ഒരു ആഫ്രിക്കൻ രാജ്യമാണ് നൈജീരിയ. അവിടെത്തെ നമ്മുടെ മുബല്ലിഗ് സാഹിബ് എഴുതി:'നവ അഹ്മദികളുടെ ട്രൈനിംഗ് ക്ലാസ്സിൽ 10 ഇമാമീംകളോടൊപ്പം ഒരു ഗ്രാമത്തിലെ ചീഫും വന്നിരുന്നു. ഇത് ഇമാമുമാർക്കുള്ള ട്രൈനിംഗ് ക്ലാസ്സാണ്, താങ്കൾ ഇമാമുമാരോടൊപ്പം വന്നതെന്തിനാണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'എനിക്കറിയാം ഇത് ഇമാമുമാർക്കുള്ള ക്ലാസ്സാണെന്ന്. പക്ഷേ, ഇന്നലെ രാത്രി ഞാൻ ഇമാം സാഹിബിനോട് ക്ലാസ്സിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം നിഷേധിച്ചു. അദ്ദേഹം പറഞ്ഞു, 'എന്നോടു ഈ സ്ഥലത്തെ വഹാബി ഉലമാക്കൾ അഹ്മദികൾ കാഫിറാണെന്ന് പറഞ്ഞു.' ചീഫ് പറഞ്ഞു,'അഹ്മദി എങ്ങനെ കാഫിറാകും എന്നോർത്ത് എനിക്ക് ആശ്ചര്യവും ദുഃഖവുമുണ്ടായി. ഇനി അവർ കാഫിറാണെങ്കിൽ ചീഫ് എന്ന നിലയിൽ ഗ്രാമത്തിൽ തബ്ലീഗ് ചെയ്യാൻ അവർക്കു അനുവാദം കൊടുത്തിട്ടുമുണ്ട്. അപ്പോൾ ഞാൻ ഡബിൾ കാഫിറായി. അതുകൊണ്ട് രാത്രിയിൽ കുറെ ദുആ ചെയ്തു. മാർഗദർശനത്തിനായി അല്ലാഹുവിനോട് ദുആ ചെയ്ത് ചെയ്ത് ഉറങ്ങിപ്പോയി. രാത്രിയിൽ ഞാൻ സ്വപ്നം കണ്ടു. എന്റെ വീട്ടിൽ ആകാശത്തുനിന്ന് ആദ്യം നക്ഷത്രങ്ങൾ ഇറങ്ങി വന്നു. പിന്നീട് അതിന്റെ പിന്നാലെ പിന്നാലെ ചന്ദ്രനും. ഞാൻ അവയെ അടുത്തുനിന്ന് കാണുന്നുണ്ട്. പക്ഷേ, അവയിൽ പ്രകാശമില്ല. അതു കഴിഞ്ഞ് പെട്ടെന്ന് ശുഭ്രവസ്ത്രധാരിയായ ഒരാൾ എന്റെ വീട്ടിൽ ഇറങ്ങുന്നു. ആ വീട്ടിൽ പ്രവേശിച്ചുടനെ നക്ഷത്രങ്ങളും ചന്ദ്രനും അത്ഭുതകരമായ നിലയിൽ പ്രകാശിച്ചു. വീടുമുഴുവൻ പ്രകാശത്താൽ മിന്നിത്തിളങ്ങി. അത് അഹ്മദികളുടെ ഏതോ വ്യക്തിത്വമാണെന്നകാര്യം എന്റെ മനസ്സിൽ ശക്തമായി പ്രവേശിച്ചു. ഞാൻ മുമ്പോട്ടുചെന്ന് താങ്കൾ അഹ്മദികളുടെ മുറബ്ബിയാണോ അതോ ഖലീഫയാണോ എന്ന് അദ്ദേഹത്തോടു ചോദിക്കുന്നു. അതോടെ ഞാൻ സ്വപ്നത്തിൽനിന്ന് ഉണർന്നു. മുറബ്ബി സാഹിബ് അദ്ദേഹത്തെ ചിത്രങ്ങൾ കാണിച്ചു. ആൽബം കാണിച്ചു. അദ്ദേഹം പെട്ടെന്ന് തന്റെ വിരൽ എന്റെ ഫോട്ടോയിൽവച്ചുകൊണ്ട് പറഞ്ഞു, ആവർത്തിച്ചാവർത്തിച്ച് ആണയിട്ടുകൊണ്ടു പറഞ്ഞു, 'ഇദ്ദേഹത്തെയാണ് ഞാൻ എന്റെ വീട്ടിൽ ആകാശത്ത് നിന്ന് ഇറങ്ങുന്നതായി കണ്ടത്. ഇദ്ദേഹം വന്നതോടെയാണ് എന്റെ വീട് പ്രകാശിച്ചത്.'

ഗാംബിയായിൽനിന്ന് അമീർസാഹിബ് എഴുതുന്നു: അവിടെ ഒരു ഗ്രാമത്തിൽ തബ്ലീഗ് ചെയ്തപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിനെ സംബന്ധിച്ചു പറയുകയും ബയ്അത്തിന്റെ നിബന്ധനകൾ വായിച്ചു കേൾപിക്കുകയും ചെയ്തു. അപ്പോൾ ഗ്രാമത്തിലെ ഇമാമും ഗ്രാമത്തിലെ വികസന കമ്മിറ്റി ചെയർമാനും റസൂലുല്ലാഹി(സ) ഇമാം മഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ച് പ്രവചിച്ചിട്ടുണ്ടെന്നും ഇന്ന് ആദ്യമായിട്ടാണ് അവർ ഇമാം മഹ്ദിയുടെ വരവിനെക്കുറിച്ച് കേൾക്കുന്നതെന്നും പരസ്യമായി പറഞ്ഞു. പിന്നീട് എല്ലാവരും ഏകദേശം മുന്നൂറ്റി അമ്പതോളം ആളുകൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേരുകയുണ്ടായി. ഈ രണ്ടാമത്തെ ഖുദ്റത്ത് അല്ലാഹു സ്ഥാപിക്കുന്നതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വും പറഞ്ഞിട്ടുള്ളതാണ്. അവന്റെ സഹായപ്രകടനം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നുമുണ്ട്. അതുകൊണ്ട് തങ്ങളുടെ ഈമാനിൽ ഉറച്ചു നില്ക്കുന്നവർ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കണ്ടുകൊണ്ടിരിക്കും. അതിനാൽ നിങ്ങളുടെ ഈമാനിനെ ശക്തമാക്കിക്കൊണ്ടിരിക്കുക. അഹ്മദിയ്യാ ഖിലാഫത്തുമായി ചേർന്നിരിക്കുക. ഖിലാഫത്തിന്റെ ഇനാം സമ്പാദിക്കുന്നവരോടു അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനത്തിന് അതിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. അല്ലാഹു ഖിലാഫത്തു മുഖേന ഭയത്തെ സമാധാ

നത്തിലാക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരായിരിക്കണം. ഒന്നാമത്തെ കടമ **യഅ്ബുദൂനനീ** എന്നതാണ്. എന്നെ ആരാധിക്കുന്നതാണ്. ഈ നിഅ്മത്തിൽനിന്ന് ഫലമെടുക്കണമെങ്കിൽ അല്ലാഹുവിനോടുള്ള ആരാധനാകടമകൾ നിറവേറ്റുക. അഞ്ചുനേരം നിങ്ങളുടെ നമസ്കാരം സംരക്ഷിക്കുക. മനോഹരമായ നിലയിൽ അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. **ലാ യുശ്രിക്കൂന ബീ ശയ്ആ** എന്നോടു ആരേയും പങ്കാളികളാക്കുകയുമില്ല.

അതുകൊണ്ട് ഈ ഖിലാഫത്തിനോടുള്ള സ്നേഹവും അനുസരണവുമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുത്തുകൊണ്ടിരിക്കുന്നതും സൽഫലങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നതും. കാരണം ഇത് അല്ലാഹുവിനാൽ സ്ഥാപിതമായ വ്യവസ്ഥിതിയാണ്. അതുകൊണ്ട് ദീനിന്റെ പുരോഗമനത്തിനായി എല്ലാ പരിശ്രമങ്ങളേയും അവൻ ഖിലാഫത്തുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഭാരവാഹികളിൽ ആരുടെയെങ്കിലും മനസ്സിൽ 'ഞാൻ' എന്ന ഭാവം വന്നാൽ, സ്വാർഥതയുണ്ടായാൽ അയാൾ ഇസ്തിഗ്ഫാറിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധിയിൽ ഉലമാക്കളുടെ പാണ്ഡിത്യമോ ബുദ്ധിമതികളുടെ ബുദ്ധിയോ ഭൗതികവിദ്യാഭ്യാസമുള്ളവരുടെ അറിവോ പ്രാഗത്ഭ്യമോ അല്ല പ്രവർത്തിക്കുന്നത്. ഏതെങ്കിലും മതപണ്ഡിതരുടെ പാണ്ഡിത്യവും ബുദ്ധിമാന്മാരുടെ ബുദ്ധിയും ഭൗതിക അറിവാളന്മാരുടെ അറിവും പ്രഗത്ഭമതികളുടെ പ്രാഗത്ഭ്യവും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അസാധാരണമായ ഫലങ്ങൾ ഉണ്ടാക്കുന്നെങ്കിൽ അത് വെറും അല്ലാഹുവിന്റെ അനുഗ്രഹവും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്ന കാരണത്താലാണ്. എന്തുകൊണ്ടെന്നാൽ ഈ ബന്ധം കാരണത്താൽ ആ ഫലങ്ങൾ ഉണ്ടാകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ടാണ് അവൻ അത് നല്കുന്നത്. ലൗകികമായ കാര്യങ്ങളിൽ അറിവും ബുദ്ധിയും പ്രാഗത്ഭ്യവും പ്രയോജനപ്പെടുമെന്നതിൽ സംശയമില്ല. പക്ഷേ, ജമാഅത്തിൽ നിലകൊള്ളുന്നവർക്ക് എന്തായാലും ഉത്തമമായ ഫലങ്ങൾക്കുവേണ്ടി ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ പ്രത്യേകമായ നിലയിൽ സ്വയം തന്നെ ഖിലാഫത്തിന് വിധേയനാക്കി വെക്കേണ്ടിവരും. ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളവരെ യഥാർഥ ബന്ധത്തിന്റെ യഥാർമായ ഗ്രാഹ്യമില്ലാത്ത പുതിയതായി വിശ്വസിച്ചവരേയും പുതിയ യുവാക്കളേയും കുട്ടികളേയും ഗ്രഹിപ്പിക്കുക എന്നുള്ളത് ഉലമാക്കളുടേയും ഉത്തരവാദമാണ്. ഇതിനെക്കുറിച്ച് പറഞ്ഞുകൊടുക്കേണ്ടതാണ്. ഇപ്രകാരം ഭാരവാഹികളും ഉത്തരവാദപ്പെട്ടവരാണ്. ദീനീസേവനം ചെയ്യാൻ അല്ലാഹു അവസരം നല്കിയിട്ടുണ്ടെങ്കിൽ നിങ്ങളുടെ ദീനീ അറിവുകളും വർധിപ്പിക്കേണ്ടതാണ്. നിങ്ങളുടെ ആത്മാർഥതയും കൂറും വർധിപ്പിക്കേണ്ടതാണ്. നിങ്ങളുടെ തഖ്‌വയേയും വർധിപ്പിക്കേണ്ടതാണ്. ഖിലാഫത്തുമായിട്ടുള്ള നിങ്ങളുടെ ബന്ധത്തേയും വർധിപ്പിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ കേൾക്കുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. ഖിലാഫത്തുമായിട്ടുള്ള ബന്ധം വർധിപ്പിക്കുക. ഇക്കാര്യങ്ങൾ മനസ്സിലാക്കുന്നവർ തങ്ങളുടെ അവസ്ഥകളിലും അസാധാരണമായ മാറ്റങ്ങൾ അനുഭവിക്കാറുണ്ട്.

ഈ ഭാരവാഹികൾ ഖിലാഫത്തിന്റെ പ്രാധാന്യത്തേയും ബന്ധത്തേയും ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ ഈ ഭാരവാഹികളുടെ പ്രാധാന്യം സ്വയമേവ വർധിക്കുന്നതാണ്. അതുകൊണ്ട് ഉലമാക്കളുടെ ഉത്തരവാദിത്വമാണിത്. ഇതിൽ എല്ലാവരും ഉൾപ്പെട്ടിരിക്കുന്നു; മുറബ്ബിമാരും ഭാരവാഹികളും അല്ലെങ്കിൽ ദീനീപരമായി പാണ്ഡിത്യമുള്ളവരും കാലത്തിന്റെ ഖലീഫയുടെ വലംകൈയാകേണ്ടതാണ്. സ്വന്തം കർമങ്ങളും കാലത്തിന്റെ ഖലീഫയ്ക്ക് വിധേയമാക്കുക. മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുക. ജമാഅത്തിന്റെ ഗുണത്തിനായി ഖലീഫ എന്തെങ്കിലും പറഞ്ഞാൽ അത് സ്വീകരിക്കുക. ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുക. ആവർത്തിക്കുക.ആവർത്തിക്കുക. ചിന്താശക്തി കുറഞ്ഞവർപോലും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ദീനിന്റെ ശരിയായ നിലയിൽ നടക്കുന്നതിനും വേണ്ടി.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Germany – on 29.05.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala